**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **11-10-2024 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാല യുവജനോത്സവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാല ഈ വർഷം നടത്തിയ യുവജനോത്സവ മത്സരങ്ങളിൽ വിജയികളായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത് തടഞ്ഞുവയ്ക്കാൻ എന്താണ് കാരണം; എത്ര വിജയികൾക്ക് സർട്ടിഫിക്കറ്റും ഗ്രേസ് മാർക്കും നൽകിയെന്ന് വിശദമാക്കാമോ; | (എ) | 09.09.2024-ന് നടന്ന സിൻഡിക്കേറ്റ്, കേരള സർവകലാശാല യുവജനോത്സ വത്തിനിടയിൽ നടന്ന സംഭവങ്ങളെക്കുറിച്ചും യുവജനോത്സവം താൽക്കാലികമായി നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങളെകുറിച്ചും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ രൂപീകരിച്ച ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. യുവജനോത്സവ മത്സരങ്ങളിൽ ഗ്രൂപ്പ് ഇനങ്ങളുടെ സർട്ടിഫിക്കറ്റ് വിതരണം ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ (WP (c) No.29983-2024) അന്തിമ വിധി വന്നതിനു ശേഷം നടത്താവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്.<br><br>കേരള സർവകലാശാല 2024 ൽ നടത്തിയ യുവജനോത്സവ മത്സരങ്ങളിൽ വൈസ്ചാൻസിലറുടെ ഉത്തരവിൻ പ്രകാരം വ്യക്തിഗത ഇനങ്ങളിൽ വിജയികളായ എല്ലാ വിദ്യാർത്ഥികൾക്കും മെറിറ്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം മെറിറ്റ് സർട്ടിഫിക്കറ്റുകൾ സ്വീകരിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറക്ക് ഗ്രേസ് മാർക്ക് നൽകി വരുന്നു . |
| (ബി) | ഗ്രൂപ്പ് മത്സരങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളെ വിജയികളായി പ്രഖ്യാപിച്ച് അനർഹരായ വിദ്യാർഥികൾക്ക് സർവ്വകലാശാലപരീക്ഷകളിൽ ഗ്രേസ് മാർക്ക് ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട സർവ്വകലാശാലയിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. സർവ്വകലാശാല ഇത് പരിശോധിച്ച് വരികയാണ്. വരും വർഷങ്ങളിലെ സർവകലാശാല യുവജ നോത്സവത്തിന്റെ നടത്തിപ്പും ജഡ്ജസിന്റെ നിയമനവുമായി ബന്ധപ്പെട്ട് പുതിയ മാർഗ്ഗനിർദ്ദേശങ്ങളും നിയമാവലികളും തയ്യാറാക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുന്നതിന് 09.09.2024 ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ